(ഇ) ഈ കരാർ ലംഘനങ്ങൾ 1994-ൽ തന്നെ കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. എന്നാൽ കരാർ ലംഘനം നടത്തിയിട്ടില്ല എന്ന നിലപാടാണ് തമിഴ്നാട് സ്വീകരിച്ചത്. കരാർ പുനരവലോകന ചർച്ചയിൽ ഈ കരാർ ലംഘനങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

കാവേരി നദീജല അതോറിറ്റിയിലെ പ്രാതിനിധ്യം

106 [5871] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ഡി. സുഗതൻ:
,, എ. സുജനപാൽ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജല അതോറിറ്റിയിൽ ഏതെല്ലാം സംസ്ഥാനങ്ങൾക്കാണ് പ്രാതിനിധ്യമുള്ളത്;

(ബി) ഈ അതോറിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയാരാണ്;

(സി) ഇക്കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഈ അതോറിറ്റി എത്ര പ്രാവശ്യം യോഗം കൂടിയിട്ടുണ്ട്;

(ഡി) ഏന്തൊക്കെ തീരുമാനമെടുത്തു;

(ഇ) സംസ്ഥാനത്തിന് കാവേരി നദിയിൽ നിന്നും അർഹമായ വെള്ളം എത്രയാണ്;

(എഫ്) ഇത് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളം, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്കും യൂണിയൻ പ്രദേശമായ പോണ്ടിച്ചേരിക്കും കാവേരി നദീജല അതോറിറ്റിയിൽ പ്രാതിനിധ്യമുണ്ട്.

(ബി) മുഖ്യമന്ത്രി.

(സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കാവേരി നദീജല അതോറിറ്റി നാലു പ്രാവശ്യം യോഗം കൂടിയിട്ടുണ്ട്.

(ഡി) 25-6-1991-ലെ കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുകളും ആദ്യത്തെ ഉത്തരവുകളും നടപ്പിൽ വരുത്തുവാൻ വേണ്ടിയാണ് കാവേരി റിവർ അതോറിറ്റി രൂപീകരിച്ചത്. പ്രസ്തുത ഉത്തരവിൻപ്രകാരം തമിഴ്നാടിന്റെ ഉപയോഗത്തിനുവേണ്ടി പ്രതിവർഷം 205 റ്റി. എം. സി. ജലം തമിഴ്നാടിന്റെ മേട്ടൂർ അണക്കെട്ടിലേക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽനിന്ന് 6 ടി. എം. സി. ജലം പോണ്ടിച്ചേരിക്കും നൽകണമെന്ന വ്യവസ്ഥയുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ വേണ്ട തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കാവേരി നദിയിലേക്ക് കേരളത്തിന്റെ സംഭാവനയായ 147 ടി. എം. സി. ജലത്തിൽനിന്നും വിവിധ പദ്ധതികൾക്കായി 99.8 റ്റി. എം. സി. ജലത്തിന്റെ അവകാശം കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.

(എഫ്) കാവേരി നദീജലത്തിൽനിന്നും അർഹമായ വിഹിതം ലഭിക്കുന്നതിനുവേണ്ടി കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കാവേരി നദീജലത്തിൽനിന്നും 99.8 റ്റി. എം. സി. ജലം ലഭിക്കുന്നതിനുവേണ്ടി 21 പദ്ധതികളുടെ പ്രിലിമിനറി റിപ്പോർട്ട് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിന്റെ അവകാശം ശക്തിയുക്തം ട്രൈബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിനായി ശ്രീ. കപിൽസിവിൽ, ഡോ. രാജീവ് ദവാൻ എന്നിവരെ സീനിയർ കൗൺസിലറായും ശ്രീ. രാധാകൃഷ്ണൻ, ശ്രീ. ഗൗതം നാരായൺ എന്നിവരെ ജൂനിയർ കൗൺസിലറായും നിയമിച്ചിട്ടുണ്ട്. ഇങ്ങനെ അർഹമായ വിഹിതം കിട്ടുന്നതിനുവേണ്ടി നിയമപരവും ഭരണപരവുമായ എല്ലാവിധ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം

107 [5872] ശ്രീ. സി. പി. മുഹമ്മദ്:
„ ടി. യു. രാധാകൃഷ്ണൻ:
„ എ. ഡി. മുസ്തഫ:
„ ജോർജ്ജ് ജെ. മാത്യു:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം ചെയ്യേണ്ടത് എന്നായിരുന്നു;

(ബി) പ്രസ്തുത കരാർ പുനരവലോകനം ചെയ്യാൻ എത്രകാലം വേണ്ടിവരും;

(സി) ഈ കരാർ പുനരവലോകനം ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ഡി) ഈ കരാറിന്റെ പുനരവലോകനം സംബന്ധിച്ച് എസ്റ്റിമേറ്റ് കമ്മിറ്റി, സബ്ജക്റ്റ് കമ്മിറ്റി, നിയമസഭാ സ്പെഷ്യൽ കമ്മിറ്റി എന്നിവ എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളത്;

(ഇ) ഈ കമ്മിറ്റികളുടെ ശുപാർശകളുടെ വെളിച്ചത്തിൽ പ്രസ്തുത കരാർ പുനരവലോകനം നടത്തുകയോ കരാർ റദ്ദാക്കുകയോ ചെയ്യാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 1988 നവംബർ 9.

LIBRARY ARCHIVES Kerala Legislative Assembly